# അക്കാദമിക് മാസ്റ്റർ പ്ലാൻ
# 2025-26



## സെന്റ് തോമസ് ഹയർ സെക്കൻഡറി സ്കൂൾ കിളിയന്തറ

## (ഹൈസ്കൂൾ വിഭാഗം)

**സ്ഥാപിതം : 1964**

## ഉള്ളടക്കം


- ആമുഖം
- സ്കൂൾ വിവരങ്ങൾ
- ലക്ഷ്യങ്ങൾ
- നിലവിലെ അവസ്ഥാ വിശകലനം
- മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ ഒറ്റനോട്ടത്തിൽ
- പ്രവർത്തനങ്ങളുടെ നടത്തിപ്പ്
- പ്രതീക്ഷിത നേട്ടങ്ങൾ
- മോണിറ്ററിംഗ്
- ഉപസംഹാരം


## 1. ആമുഖം

കണ്ണൂർ ജില്ലയിലെ ഇരിട്ടി ടൗണിൽ നിന്നും10 കി . മി .അകലെ പായം പഞ്ചായത്തിൽ , കർണ്ണാടക അതിർത്തിയോടുചേർന്ന് മികച്ച ഭൗതീക സാഹചര്യങ്ങളോടുകൂടി സ്ഥിതി ചെയ്യുന്ന ഒരു എയ്ഡഡ് വിദ്യാലയമാണ് **സെന്റ് തോമസ് ഹയർ സെക്കൻഡറി സ്കൂൾ കിളിയന്തറ.** മലയോരജനതയുടെ സ്വപ്നസാക്ഷാത്ക്കാരമായ ഈ ഹൈസ്കൂൾ 1953-ൽ സ്ഥാപിച്ചു. 1949-ൽ ആരംഭിച്ച കിളിയന്തറ സെന്റ് മേരീസ് ഇടവകയുടെ ആഭിമുഖ്യത്തിൽ ബഹു.തോമസ് പള്ളത്തുക്കുഴി അച്ചന്റെ മേൽനോട്ടത്തിൽ 1953-ൽ ഹയർ എലിമെന്ററി സ്കൂൾ സ്ഥാപിച്ചു. മാർ.തോമാസ്ളീഹായുടെ ഭാരത പ്രവേശനത്തിന്റെ ശതാബ്ദി സ്മരണയ്ക്കായി സ്കൂളിന് സെന്റ് തോമസിന്റെ നാമധേയം നല്കി. 1957-ൽ എൽ പി സ്കൂളായും 1964-ൽ ഹൈസ്കൂളായും ഉയർത്തപ്പെട്ടു. സ്കൂളിന്റെ ആദ്യത്തെ മാനേജരായി റവ. .ഫാ. തോമസ് പള്ളത്തുക്കുഴിയും ആദ്യ പ്രധാനഅദ്ധ്യാപകനായി റവ. .ഫാ. തോമസ് മാംപുഴക്കലും സേവനം അനുഷ്ഠിച്ചു.

തലശ്ശേരി അതിരൂപത കോർപ്പറേറ്റ് മാനേജ്മെന്റിന്റെ കീഴിലുള്ള ഈ സ്കൂളിന്റെ ഇപ്പോഴത്തെ രക്ഷാധികാരി ആർച്ച് ബിഷപ്പ് മാർ **ജോസഫ് പാംപ്ലാനിയും** കോർപ്പറേറ്റ് മാനേജർ റവ.ഫാ **സോണി വടശ്ശേരിയിലും** സ്കൂൾ മാനേജർ റവ.ഫാ **സിബി ആനക്കല്ലിലും** ഹെഡ്മാസ്റ്റർ ശ്രീ. **ജോസഫ് സി എ** യുമാണ്.

## 2. സ്കൂൾ വിവരങ്ങൾ

- റവന്യൂ ജില്ല – കണ്ണൂർ
- സ്കൂൾ കോഡ് - 14059
- UDISE Code : 32020901809
- സ്ഥാപിതമായ വർഷം : 1964
- സ്കൂളിന്റെ പേര് : സെന്റ് തോമസ് ഹയർ സെക്കണ്ടറി സ്കൂൾ കിളിയന്തറ
- മേൽവിലാസം : കിളിയന്തറ പി ഒ . കിളിയന്തറ
- പിൻകോഡ് : 670706
- ഫോൺനമ്പർ : 04902420166
- ഈ മെയിൽ അഡ്രസ് : stthomas166@gmail.com
- സ്കൂൾ വെബ്സൈറ്റ് : Sthskiliyanthara.Com
- സ്കൂൾ വിഭാഗം : ജനറൽ
- ഹെഡ്മാസ്റ്ററുടെ പേര് : ശ്രീ.ജോസഫ് സി എ
- ഹെഡ്മാസ്റ്ററുടെ മൊബൈൽ നമ്പർ : 7592085769
- മീഡിയം : മലയാളം & ഇംഗ്ലീഷ്
- ഗ്രാമ പഞ്ചായത്ത് : പായം
- വിദ്യാഭ്യാസ ജില്ല : തലശ്ശേരി
- സബ് ജില്ല : ഇരിട്ടി

- ക്ലാസുകൾ : 5 to 10
- മാനേജ്മെന്റ് : എയ്ഡഡ്

## STAFF STRENGTH

| അധ്യാപകരുടെ എണ്ണം | അനധ്യാപകരുടെ എണ്ണം |
|---|---|
| 18 | 4 |

## STUDENTS STRENGTH

| Sl No. | Class | Total Students |
|---|---|---|
| 1 | Fifth Standard | 17 |
| 2 | Sixth Standard | 22 |
| 3 | Seventh Standard | 26 |
| 4 | Eighth Standard | 54 |
| 5 | Ninth Standard | 72 |
| 6 | Tenth Standard | 68 |
| | Total | 259 |

## 3. ലക്ഷ്യങ്ങൾ

- SSLC Full A+ ന്റെ എണ്ണം വർദ്ധിപ്പിക്കുക
- ശാസ്ത്രമേളകളിൽ മികച്ച പ്രകടനം കാഴ്ചവക്കുക
- സ്കോളർഷിപ്പ് പരീക്ഷകളിൽ കൂടുതൽ റാങ്കുകൾ സൃഷ്ടിക്കുക

- കായികരംഗത്ത് വിപ്ലവകരമായ മാറ്റത്തിന് തുടക്കം കുറിക്കുക ,കൂടുതൽ ദേശീയ സംസ്ഥാന താരങ്ങളെ സൃഷ്ടിക്കുക
- സബ്ജില്ലാ കലോത്സത്തിലെ പ്രകടനം മെച്ചപ്പെടുത്തുക
- കോർപ്പറേറ്റ് തല പരീക്ഷകളിൽ കൂടുതൽ റാങ്കുകൾ സൃഷ്ടിക്കുക
- പിന്നോക്കക്കാർക്ക് ഭാഷാപരിശീലനം
- ഐ ടി അധിഷ്ഠിത ക്ലാസ് മുറികൾ
- ക്ലാസ് പിടിഎ ,പ്രാദേശിക പിടിഎ കാര്യക്ഷമമാക്കൽ
- ക്ലാസ് ടീച്ചർമാരുടെ ഗൃഹസന്ദർശനം
- പച്ചക്കറിത്തോട്ടവും ജൈവവൈവിധ്യ പാർക്കും
- വിത്യസ്ത സംരഭകത്വത്തിലൂടെ തൊഴിൽ സംസ്കാരത്തിലേക്ക്

## 4.സ്കൂളിന്റെ നിലവിലെ അവസ്ഥാ വിശകലനം

### അക്കാദമിക്

1. എസ് എസ് എൽ സി - 100%
2. A + ശതമാനം കോർപ്പറേറ്റ് തലത്തിലെ സ്ഥാനം - 22 ാം സ്ഥാനം
3. NMMS സ്കോളർഷിപ്പ് നേടിയവരുടെ എണ്ണം – 2
4. യു എസ് എസ് - 4
5. മാസ്റ്റർ മൈൻഡ് പൊതു വിജ്ഞാന പരീക്ഷ – 18
6. വേദപാഠം സ്കോളർഷിപ്പ് റാങ്ക് കോർപ്പറേറ്റ് തലം-1
7. സന്മാർഗം സ്കോളർഷിപ്പ് റാങ്ക് കോർപ്പറേറ്റ് തലം - 2
8. അക്കാദമിക് സ്കോളർഷിപ്പ് റാങ്ക് കോർപ്പറേറ്റ് തലം - 0

## സ്കൂൾ ശാസ്ത്ര മേള

1. സയൻസ് മേള @ സബ്ജില്ലാതലത്തിലെ സ്ഥാനം - 6/21 (ആകെ ഇരിട്ടി സബ്ജില്ലയിൽ 21 ഹൈസ്കൂളുകളാണ് ഉള്ളത് .അതിൽ 6 ാം സ്ഥാനം )
2. സാമൂഹ്യ ശാസ്ത്ര മേള @ സബ്ജില്ലാതലത്തിലെ സ്ഥാനം – 1/21
3. ഗണിത മേള @ സബ്ജില്ലാതലത്തിലെ സ്ഥാനം – 4/21
4. ഐ .ടി മേള @ സബ്ജില്ലാതലത്തിലെ സ്ഥാനം – 10/21
5. പ്രവർത്തി പരിചയമേള @ സബ്ജില്ലാതലത്തിലെ സ്ഥാനം – 3/21

## കലോൽസവം

സബ് ജില്ലാ തലം സ്ഥാനം - 8/21 (ആകെ ഇരിട്ടി സബ്ജില്ലയിൽ 21 ഹൈസ്കൂളുകളാണ് ഉള്ളത് .അതിൽ 8ാം സ്ഥാനം )

## കായിക മേള

- ✔ അത് ലറ്റിക്സ് സബ്ജില്ലാതലത്തിലെ സ്ഥാനം – 18/21 (ആകെ ഇരിട്ടി സബ്ജില്ലയിൽ 21 ഹൈസ്കൂളുകളാണ് ഉള്ളത് .അതിൽ 18 ാം സ്ഥാനം)
- ✔ ഗെയിംസ് @ ഹോക്കി - ഒന്നാം സ്ഥാനം
- ✔ വടംവലി - ഒന്നാം സ്ഥാനം

## 5. മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ ഒറ്റനോട്ടത്തിൽ

## അക്കാദമിക്

- ➔ മത്സര പരീക്ഷകളെഴുതാൻ വിദ്യാർത്ഥികളെ പ്രാപ്തരാക്കുന്നതിന് വേണ്ടി സിവിൽ സർവ്വീസ് അക്കാദമി
- ➔ NMMS,USS സ്കോളർഷിപ്പുകൾക്കായി പ്രത്യേകം പരിശീലനം
- ➔ കോർപ്പറേറ്റ് എഡ്യുക്കേഷൻ ഏജൻസി നടത്തുന്ന മാസ്റ്റർ മൈൻഡ് , വേദപാഠം , സന്മാർഗം , അക്കാദമിക് പരീക്ഷകൾക്ക് ജൂൺ മാസം മുതൽ പ്രത്യേകം പരിശീലനം

- ➔ SSLC പരീക്ഷകളിൽ കൂടുതൽ A+ ലക്ഷ്യമാക്കികൊണ്ടുള്ള തീവ്ര പരിശീലനം.
- ➔ SSLC വിദ്യാർത്ഥികളെ ഡിസംബർ മുതൽ മികവിന്റെ അടിസ്ഥാനത്തിൽ ക്ലാസ് തിരിച്ചുകൊണ്ടുള്ള പരിശീലനം
- ➔ ക്ലാസ് പിടിഎ , പ്രാദേശിക പിടിഎ (SSLC ക്കാരുടെ) എന്നിവ ശക്തിപ്പെടുത്തുക.
- ➔ A+ ലക്ഷ്യമിടുന്ന കുട്ടികൾക്ക് ജനവരി,ഫെബ്രുവരി മാസങ്ങളിൽ നൈറ്റ് ക്ലാസുകൾ
- ➔ വിവിധ ഭാഷാ വിഷയങ്ങളിൽ (മലയാളം,ഹിന്ദി,ഇംഗ്ലീഷ്) എഴുത്തും വായനയും അറിയാത്ത 8,9 ക്ലാസുകളിലെ വിദ്യാർത്ഥികൾക്ക് ഭാഷാ പരിജ്ഞാനം നൽകുന്നതിനായി Language Lab കൾ
- ➔ Terminally Exam കൾക്ക് പുറമേ എല്ലാ മാസവും അവസാനത്തെ ആഴ്ചകളിൽ മന്തിലി ടെസ്റ്റുകൾ നടത്തുക.
- ➔ മന്തിലി ടെസ്റ്റുകളിൽ മികച്ച പ്രകടനം കാഴ്ചവയ്ക്കുന്ന Top Ten Students ന് മെഡലുകൾ നൽകുക.നോട്ടീസ് ബോർഡിൽ അവരുടെ പേരും ഫോട്ടോയും നൽകുക.
- ➔ എല്ലാ വിദ്യാർത്ഥികളുടെയും ഭവനങ്ങൾ ക്ലാസ് അധ്യാപകർ സന്ദർശിക്കുക.പഠന സാഹചര്യങ്ങൾ മനസിലാക്കുക,വിലയിരുത്തുക
- ➔ പത്രവാർത്ത പ്രോത്സാഹിപ്പിക്കുന്നതിനായി വിവിധ ഡിവിഷനുകൾക്കാവശ്യമായ പത്രങ്ങൾ സ്കൂളിൽ വരുത്തുകയും എല്ലാ ദിവസവും രാവിലെ പ്രാർത്ഥനക്ക് മുൻപ് വിദ്യാർത്ഥികളെ കൊണ്ട് പത്രം വായിപ്പിക്കുകയും ചെയ്യുക.
- ➔ കുട്ടികളുടെ സർഗവാസനകളെ പരിപോഷിപ്പിക്കുന്നതിനായി മീഡിയ ക്ലബ് രൂപീകരിക്കുക. മീഡിയ ക്ലബിന്റെ നേതൃത്വത്തിൽ സ്കൂൾ റേഡിയോ സ്റ്റേഷൻ സ്ഥാപിച്ച് പ്രവർത്തനം തുടങ്ങുക.
- ➔ ഐ.ടി പഠനം കാര്യക്ഷമമാക്കുന്നതിന് അധ്യാപകർക്ക് SITC യുടെ നേതൃത്വത്തിൽ ഒഴിവ് സമയങ്ങളിൽ പരിശീലനം നൽകുക.

- എല്ലാ ക്ലാസ്മുറികളിലും കമ്പ്യൂട്ടറും പ്രൊജക്റ്ററും സെറ്റ് ചെയ്ത് ഐ.ടി അധിഷ്ഠിത ക്ലാസുകൾ നൽകുക. ക്ലാസ് മുറികളിൽ നൽകുന്ന കമ്പ്യൂട്ടറുകളുടെ പൂർണ്ണമായ ഉത്തരവാദിത്വം ക്ലാസ് അധ്യാപകനായിരിക്കും.
- സ്കൂൾ ഗതാഗത സംവിധാനത്തെകുറിച്ച് പഠിക്കാൻ അഞ്ചംഗ കമ്മിറ്റിയേ നിയോഗിക്കുക.

## കായികം

- കുട്ടികളുടെ കായിക ശേഷി വർദ്ധിപ്പിച്ച് മികവിലെത്തിക്കാൻ വിവിധ പരിശീലനങ്ങൾ ആസൂത്രണം ചെയ്യുക.
- കുട്ടികളുടെ കഴിവ് പരിഗണിച്ച് വിവിധ ഗെയിംസുകളിലേക്കും അത് ലറ്റിക്സിനും പരിശീലനം നൽകുക
- എല്ലാ ദിവസവും രാവിലെയും വൈകിട്ടും ഒഴിവ് ദിവസങ്ങളിലും പരിശീലനം
- വടംവലി , നെറ്റ് ബോൾ , കബഡി ,ഹോക്കി ,ഫുട്ബോൾ തുടങ്ങിയ ഗെയിംസ് ഇനങ്ങളിൽ പരിശീലനം
- വിവിധ ഗെയിംസ് ഇനങ്ങൾക്ക് മികച്ച പരിശീലകരെ നിയമിക്കുക
- അത് ലറ്റിക്സിന് കായിക അധ്യാപകന്റെ നേതൃത്വത്തിൽ പ്രത്യേകം പരിശീലനം
- നിരവധി സംസ്ഥാന ദേശീയ താരങ്ങളെ സ്യഷ്ടിക്കുക ലക്ഷ്യം

## ശാസ്ത്രമേള

- ജൂൺ മാസത്തിൽ തന്നെ വിവിധ ശാസ്ത്ര മേളകളുമായി ബന്ധപ്പെട്ട ഇനങ്ങളും മത്സരിക്കേണ്ട കുട്ടികളെയും തിരഞ്ഞെടുത്ത് പരിശീലനം നൽകുക
- ആഗസ്റ്റ് മാസത്തിൽ സ്കൂൾ തല ശാസ്ത്ര മേളകൾ സംഘടിപ്പിക്കുക.
- ശാസ്ത്രമേളകളുമായി ബന്ധപ്പെട്ട എല്ലാ ഇനങ്ങളിലും മത്സരിക്കുക.പൂർണ്ണ പങ്കാളിത്തം ഉറപ്പുവരുത്തുക.
- പ്രവർത്തി പരിചയമേളയുമായി ബന്ധപ്പെട്ട് ഒരു ശില്പശാല സംഘടിപ്പിക്കുക .

## കലോൽസവം

- ➔ കുട്ടികളുടെ അഭിരുചികളെ കണ്ടെത്തുന്നതിനായി Talent Lab സൃഷ്ടിക്കുക.
- ➔ സംഗീതം ,നൃത്തം ,അഭിനയം ,ചിത്രരചന ,കഥ ,കവിതാ ,ഉപന്യാസം ,കാവ്യകേളി ,ഉപകരണ സംഗീതം തുടങ്ങിയ വ്യക്തിഗത ഇനങ്ങൾക്ക് പ്രാധാന്യം നൽകി പരിശീലനം ആസൂത്രണം ചെയ്യുക.

## ജൈവവൈവിധ്യ പാർക്ക്

- ➔ സ്കൂൾ ഇക്കോ ക്ലബിന്റെ നേതൃത്വത്തിൽ ഔഷധ തോട്ടവും ജൈവപന്തലും ഒരുക്കുക.
- ➔ സ്കൂൾ പച്ചക്കറിത്തോട്ടത്തിന് ചിങ്ങം ഒന്നിന് തുടക്കം കുറിക്കുക.

## സംഭരകത്വം

- ➔ ഗ്രാഫ്റ്റിംഗ് ,ബഡ്ഡിംഗ്,ലെയറിംഗ് എന്നിവയിൽ പരിശീലനം നൽകുന്നതിനൊപ്പം കാർഷിക നഴ്സറിക്ക് തുടക്കമിടുക.
- ➔ സോപ്പ് ,ഹാൻഡ് വാഷ് , ഫിനോയിൽ സോപ്പ് പൊടി ,ഡിഷ് വാഷ് തുടങ്ങിയവയിൽ പരിശീലനവും യൂണിറ്റ് ആരംഭിക്കലും
- ➔ കുടനിർമ്മാണ പരിശീലനം,ഫയൽ നിർമ്മാണം ,ബുക്ക് ബൈൻഡിംഗ്

# 6. പ്രവർത്തനങ്ങളുടെ നടത്തിപ്പ്

## സിവിൽ സർവ്വീസ് അക്കാദമി

- ◆ ജൂൺ മാസത്തിൽ തന്നെ പൊതുവിജ്ഞാന പരീക്ഷയെ അടിസ്ഥാനപ്പെടുത്തി ഓരോ ക്ലാസിൽ (ക്ലാസ് 6,7,8,9) നിന്നും സമർത്ഥരായ 10 വിദ്യാർത്ഥികളെ തിരഞ്ഞെടുത്ത് Brilliant @40 എന്ന ക്ലബിന് രൂപം നൽകുന്നു.
- ◆ നിയതമായ സിലബസിനെ അടിസ്ഥാനമാക്കി തിങ്കൾ ,ബുധൻ , വെള്ളി ദിവസങ്ങളിൽ രാവിലെ 9am മുതൽ 9.45 am വരെ ക്ലാസുകൾ എടുക്കുന്നു.

- മാസം തോറും പരീക്ഷകൾ നടത്തുകയും സമ്മാനങ്ങൾ വിതരണം ചെയ്യുകയും ചെയ്യുന്നു.
- വർഷാന്ത്യത്തിൽ മുഴുവൻ സിലബസിനെയും ആസ്പദമാക്കി നടത്തുന്ന പരീക്ഷയിൽ ഉയർന്ന റാങ്ക് കരസ്ഥമാക്കുന്ന വിദ്യാർത്ഥികൾക്ക് സൗജന്യ വിമാനയാത്ര സമ്മാനമായി ലഭിക്കുന്നതാണ്.

## NMMS , USS സ്കോളർഷിപ്പ് പരിശീലനം

എട്ടാം ക്ലാസിലെ കുട്ടികൾക്ക് 48000 രൂപ സ്കോളർഷിപ്പ് കിട്ടുന്ന NMMS സ്കോളർ ഷിപ്പിനും ഏഴാം ക്ലാസിലെ കുട്ടികൾക്ക് നടത്തുന്ന USS സ്കോളർഷിപ്പിനും പ്രത്യേക പരിശീലനം

- 8 ലെയും 7 ലെയും സമർത്ഥരായ കുട്ടികളെ ജൂൺ അവസാന വാരത്തോടെ തിരഞ്ഞെടുത്ത് പരിശീലനം ആരംഭിക്കുന്നു.
- ആഴ്ചയിൽ 3 ദിവസം രാവിലെ(8.30 am മുതൽ) പരിശീലനം കിട്ടുന്ന രീതിയിൽ പരിശീലനം ക്രമീകരിക്കുന്നു.
- സയൻസ് ,മാത്സ് , സോഷ്യൽ ടീച്ചേഴ്സിന് ഇതിന്റെ നടത്തിപ്പുമായി ബന്ധപ്പെട്ട ചുമതല നൽകണം.

## കോർപറേറ്റ് തല വേദപാഠ , സന്മാർഗ, അക്കാദമിക് പരീക്ഷ തയ്യാറെടുപ്പ്

- കോർപ്പറേറ്റ് തലത്തിൽ നടത്തുന്ന വേദപാഠ ,സന്മാർഗ , അക്കാദമിക് പരീക്ഷകൾക്ക് ഓരോ ക്ലാസിൽ നിന്നും 2 കുട്ടികളെ വീതം തിരഞ്ഞെടുത്ത് ജൂൺ മാസം മുതൽ പരിശീലനം നൽകണം .
- മുൻകാല ചോദ്യപേപ്പർ കോർപ്പറേറ്റ് ഓഫീസിൽ നിന്നും സംഘടിപ്പിച്ച് കുട്ടികൾക്ക് ലഭ്യമാക്കണം.

- കോർപ്പറേറ്റ് തല പരീക്ഷകൾക്ക് പുറമെ 3 ഓ 4 ഓ മോക്ക് ടെസ്റ്റുകൾ കോർപ്പറേറ്റ് തല പരീക്ഷക്ക് മുൻപ് നടത്തണം
- ഈ പദ്ധതിയുടെ നടത്തിപ്പിന് ഒരധ്യാപികയെ ചുമതലപ്പെടുത്തണം .

## SSLC വിദ്യാർത്ഥികളും FULL A+ ഉം

- SSLC പരീക്ഷക്ക് A+ നേടിക്കാൻ സാധ്യതയുള്ള 20 കുട്ടികളെ ജൂലൈ മാസം ആദ്യ വാരം നടക്കുന്ന മന്തിലി ടെസ്റ്റിലൂടെ കണ്ടെത്തുക.
- അവരെ സാധ്യമെങ്കിൽ ഒരു ക്ലാസിൽ ക്രമീകരിച്ച് പ്രത്യേക പരിശീലനവും വിലയിരുത്തലും നടത്തേണ്ടതാണ് .
- എല്ലാ മാസവും ആദ്യ ആഴ്ച മന്തിലി ടെസ്റ്റ് നടത്തുക.
- എല്ലാ മാസവും രണ്ടാമത്തേ ആഴ്ച ക്ലാസ് പിടിഎ വിളിച്ച് കുട്ടികളുടെ നിലവാരം അറിയിക്കുക.
- കൂടാതെ Chapter wise പരീക്ഷ ക്ലാസ് ടീച്ചേഴ്സ് നടത്തി മാർക്കിന്റെ Consolidation Sheet ഹെഡ് മാസ്റ്ററിനെ ഏൽപ്പിക്കുക.
- നവംബർ 30 നകം പാഠംഭാഗം പഠിപ്പിച്ച് പൂർത്തിയാക്കുക.
- സാധ്യമെങ്കിൽ ഓണം , ക്രിസ്തുമസ് മോഡൽ പരീക്ഷ നടത്തുക.
- ചാപ്റ്റർ വൈസ് ചോദ്യ പേപ്പറിന് കൃതി പബ്ലിക്കേഷിനെ സമീപിക്കാം. ഒരു കുട്ടിക്ക് ഒരു വർഷം ചാപ്റ്റർ വൈസ് ചോദ്യപേപ്പറിന് 70 രൂപ മാത്രമേ ചിലവ് വരൂ .
- ചോദ്യപേപ്പറും മറ്റ് പഠന വിഭവങ്ങളും സൂക്ഷിക്കാൻ ഒരു കുട്ടിക്ക് ഒരു ഫയൽ എങ്കിലും കുറഞ്ഞത് ഉണ്ടായിരിക്കണം. പറ്റുമെങ്കിൽ 10 വിഷയങ്ങൾക്ക് 10 ഫയൽ ഉള്ളത് നല്ലതാണ്.
- Blog കളിലും മറ്റും വരുന്ന മികച്ച പഠന വിഭവങ്ങൾ print ചെയ്ത് നൽകുന്നതിന് സ്കൂളിന് സ്വന്തമായി ഒരു Printer ആവശ്യമാണ്. Printer ന്റെ ചാർജ് ഒരധ്യാപകനെ ഏൽപ്പിക്കേണ്ടതാണ്.

- ഡിസംബർ , ജനവരി, ഫെബ്രുവരി മാസങ്ങളിൽ റിവിഷൻ സീരിയസ് നടത്തേണ്ടതാണ്.
- ജനവരി , ഫെബ്രുവരി മാസങ്ങളിൽ A+ നേടാൻ സാധ്യതയുള്ള കുട്ടികൾക്ക് നൈറ്റ് ക്ലാസുകൾ അറേഞ്ച് ചെയ്യേണ്ടതാണ് .
- പിന്നോക്കകാർക്കും പ്രത്യേക ക്ലാസുകൾ ജനവരി ,ഫെബ്രുവരി മാസങ്ങളിൽ നടത്തേണ്ടതാണ് .

## മന്തിലി ടെസ്റ്റുകൾ

- മന്തിലി ടെസ്റ്റുകളുമായി ബന്ധപ്പെട്ട് എല്ലാ മാസത്തേയും പരീക്ഷ കലണ്ടർ തയ്യാറാക്കുക.
- എല്ലാ മാസവും ആരംഭത്തിൽ തന്നെ സബ്ജക്റ്റ് കൗൺസിൽ ചേർന്ന് പരീക്ഷക്ക് ആവശ്യമായ പാഠഭാഗം നിശ്ചയിക്കുക.
- പരീക്ഷ നടപടികളുടെ ചുമതല 2 അധ്യാപകരെ ഏൽപ്പിക്കുക.
- മന്തലി ടെസ്റ്റുകളിൽ മികച്ച പ്രകടനം കാഴ്ചവക്കുന്ന കുട്ടികളുടെ Top Ten റാങ്ക് ലിസ്റ്റ് തയ്യാറാക്കുകയും അവരെ സ്കൂൾ അസംബ്ലിയിൽ അനുമോദിക്കുകയും മെഡലുകൾ നൽകുകയും ചെയ്യുക.
- ഈ കുട്ടികളുടെ ലിസ്റ്റ് സ്കൂൾ നോട്ടീസ് ബോർഡിൽ പ്രദർശിപ്പിക്കുക.

## Language Lab

- ഭാഷയിൽ (മലയാളം , ഇംഗ്ലീഷ് , ഹിന്ദി ) പിന്നോക്കം നിൽക്കുന്നവരുടെ ലിസ്റ്റ് ക്ലാസ് ടീച്ചേഴ്സ് ഭാഷാ അടിസ്ഥാനത്തിൽ തിരിച്ച് തയ്യാറാക്കുക.
- തുടർന്ന് ജൂലൈ മാസം മുതൽ എഴുത്തിലും വായനയിലും പ്രവീണ്യം നേടുന്നതിന് ഉതകുന്ന വിധമുള്ള ക്ലാസുകൾ അറേഞ്ച് ചെയ്യുക.

- എഴുത്തും വായനയും അറിയാത്ത കുട്ടികൾ ആയതുകൊണ്ടു തന്നെ സ്കൂൾ പ്രവർത്തി സമയവും ഫ്രീ ആയി ഇരിക്കുന്ന അധ്യാപകരെ ക്രമപ്പെടുത്തി ക്ലാസുകൾ അറേഞ്ച് ചെയ്യാവുന്നതാണ് .

## ഗൃഹ സന്ദർശനവും പ്രാദേശിക പിടിഎയും

- എല്ലാ ക്ലാസ് ടീച്ചേഴ്സും അവരവരുടെ ക്ലാസുകളിലെ കുട്ടികളുടെ ഭവനങ്ങൾ വർഷത്തിൽ കുറഞ്ഞത് ഒരു തവണയെങ്കിലും സന്ദർശിച്ചിരിക്കണം .
- ഇത് കുട്ടികളെയും കുടുംബത്തെയും കൂടുതൽ അറിയാനും രക്ഷിതാക്കൾക്ക് സ്കൂളിനോടുള്ള സമീപനത്തിൽ വിപ്ലവകരമായ മാറ്റത്തിന് തുടക്കമാവുകയും ചെയ്യും .
- കുട്ടികളെ സ്കൂളും അധ്യാപകരും കൂടുതൽ ശ്രദ്ധിക്കുന്നുണ്ട് എന്ന ബോധ്യം രക്ഷിതാക്കളിൽ ഉണ്ടാവുന്നു.
- SSLC പരീക്ഷക്ക് ഉന്നത വിജയം ലക്ഷ്യമിട്ടുകൊണ്ട് Termly പരീക്ഷകൾക്ക് ശേഷം പ്രാദേശിക പിടിഎ സംഘടിപ്പിക്കാവുന്നതാണ് .

## ശാസ്ത്രമേള ( സയൻസ് ,സാമൂഹ്യം ,ഗണിതം , പ്രവർത്തി പരിചയം , ഐ.ടി )

- ശാസ്ത്ര മേളയുമായി ബന്ധപ്പെട്ട് ജൂൺ മാസത്തിൽ തന്നെ ഓരോ മേളയിലും മികച്ച പ്രകടനങ്ങൾ നടത്താൻ 2 അധ്യാപകരെ വീതം ചുമതലപ്പെടുത്തുക
- ജൂൺ മാസത്തിൽ തന്നെ ഓരോ മേളകളിലും മത്സരിക്കേണ്ട കുട്ടികളുടെ ലിസ്റ്റ് തയ്യാറാക്കുകയും മേളകളിൽ അവതരിപ്പിക്കേണ്ട മാതൃക കണ്ടെത്തി പരിശീലനം നൽകുകയും ചെയ്യുക.
- ശാസ്ത്ര മേളകളുമായി ബന്ധപ്പെട്ട് ആഗസ്റ്റ് മാസം സ്കൂൾ തല മേള സംഘടിപ്പിക്കുക.

- എല്ലാ മേളകളുടെയും മുന്നൊരുക്കങ്ങൾ വിലയിരുത്തുന്നതിനായി ഒരു മോണിറ്ററിംഗ് കമ്മിറ്റിയേ നിയോഗിക്കുക. മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ട് ഹെഡ്മാസ്റ്ററിന് സമർപ്പിക്കുക.

## 7. ഈ വർഷം സ്കൂൾ പ്രതീക്ഷിക്കുന്ന നേട്ടങ്ങൾ

### അക്കാദമിക്

- ✔ എസ് എസ് എൽ സി - 100%
- ✔ A + ശതമാനം കോർപ്പറേറ്റ് തലത്തിലെ സ്ഥാനം - 15/24 (കോർപ്പറേറ്റ് തലത്തിൽ 15ാം റാങ്കിലെങ്കിലും എത്തിച്ചേരുക) @ 17 -20 %
- ✔ A + ന്റെ എണ്ണം 15 ആക്കി ഉയർത്തുക.
- ✔ NMMS – 3 മുതൽ 5 വരെ വിദ്യാർത്ഥികൾക്ക്
- ✔ USS – 5 മുതൽ 8 വരെ വിദ്യാർത്ഥികൾക്ക്
- ✔ MASTER MIND EXAM – 10 മുതൽ 15 വരെ വിദ്യാർത്ഥികൾക്ക്
- ✔ CATECHISM , MORAL SCIENCE & ACADEMIC സ്കോളർഷിപ്പ് റാങ്ക് കോർപ്പറേറ്റ് തലം - 2 മുതൽ 4 വരെ വിദ്യാർത്ഥികൾക്ക്

### സ്കൂൾ ശാസ്ത്ര മേള

- ✔ സയൻസ് മേള – ആദ്യ മൂന്ന് റാങ്കിൽ
- ✔ സാമൂഹ്യ ശാസ്ത്ര മേള – ആദ്യ മൂന്ന് റാങ്കിൽ
- ✔ ഗണിത മേള – ആദ്യ മൂന്ന് റാങ്കിൽ
- ✔ ഐ .ടി മേള – ആദ്യ മൂന്ന് റാങ്കിൽ
- ✔ പ്രവർത്തി പരിചയമേള – ആദ്യ മൂന്ന് റാങ്കിൽ

### കലോൽസവം

- ✔ സബ് ജില്ലാ തലം - ആദ്യ അഞ്ച് റാങ്കിൽ

## കായിക മേള

- ✔ അത് ലറ്റിക്സ് സബ്ജില്ല – ആദ്യ അഞ്ച് റാങ്കിൽ
- ✔ ഗെയിംസ് @ ഹോക്കി - ജില്ലയിൽ ആദ്യ 2 സ്ഥാനങ്ങളിൽ
- ✔ കബഡി - ജില്ലയിൽ ആദ്യ മൂന്ന് റാങ്കിൽ
- ✔ വടംവലി - ജില്ലയിൽ ആദ്യ മൂന്ന് റാങ്കിൽ

## 8. മോണിറ്ററിംഗ്

പദ്ധതികളുടെ വിജയകരമായ നടത്തിപ്പും പുരോഗതിയും പരിശോധിക്കുന്നതിനായി പ്രധാന അധ്യാപകന്റെ നേതൃത്വത്തിൽ ഒരു മോണിറ്ററിംഗ് കമ്മിറ്റിക്ക് രൂപം നൽകേണ്ടതാണ്.ഓരോ മാസവും പദ്ധതി നടത്തിപ്പിന്റെ പുരോഗതി വിലയിരുത്തി സ്റ്റാഫ് കൗൺസിൽ ചേർന്ന് റിപ്പോർട്ട് അവതരിപ്പിക്കേണ്ടതാണ്.

## 9. ഉപസംഹാരം

സെന്റ് തോമസ് ഹയർ സെക്കണ്ടറി സ്കൂളിന്റെ ഈ അക്കാദമിക മാസ്റ്റർ പ്ലാൻ സ്കൂളിന്റെ പാഠ്യ പാഠ്യേതര പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് കൃത്യമായ ദിശാബോധത്തോടെ തയ്യാറാക്കിയതാണ് .കുട്ടിയുടെ സർവ്വതോന്മുഖമായ വികാസമാണ് വിദ്യാഭ്യാസം കൊണ്ട് ലക്ഷ്യമാക്കുന്നത്.ഗുണമേന്മയുള്ള വിദ്യാഭ്യാസം കുട്ടിയുടെ അവകാശമാണ് എന്ന ആശയം പൂർണ്ണമായും പ്രവർത്തികമാക്കാൻ ഈ അക്കാദമിക് മാസ്റ്റർ പ്ലാനിൽ രേഖപ്പെടുത്തിയ പ്രവർത്തനങ്ങളിലൂടെ സാധിക്കും എന്ന വിശ്വാസമാണ് ഞങ്ങൾക്കുള്ളത്. പഠനപ്രവർത്തനങ്ങൾക്ക് അനുബന്ധമായുള്ള ഈ പ്രവർത്തനങ്ങൾ ഉദ്ദേശിച്ച രീതിയിൽ നടപ്പിലാക്കാൻ രക്ഷിതാക്കളുടേയും സമൂഹത്തിന്റേയും മാനേജ്മെന്റിന്റെയും ജനപ്രതിനിധികളുടെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും സഹായം കൊണ്ട് സ്കൂളിന് സാധിക്കും എന്ന വിശ്വാസത്തോടെയാണ് ഈ മാസ്റ്റർ പ്ലാൻ തയ്യാറാക്കിയത് .അതിന് കഴിയുമെന്ന ഉത്തമ വിശ്വാസവും ഞങ്ങൾക്കുണ്ട് .

*************************************************